		രൂപ
(ബി)	കൃഷിഭൂമി വായ്പാ പദ്ധതി	3
	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതി	4
	മാർജിൻമണി പദ്ധതി	3
	ഭവന നിർമ്മാണ പദ്ധതി	13
	ആകെ	23

കരവാരം പഞ്ചായത്തിൽ സ്വന്തം പേരിൽ സ്ഥലമോ തൊഴിലോ ഇല്ലാത്ത ഹരിജനങ്ങൾ

1128 [1703] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിലെ മുദാക്കൽ, കരവാരം, പുളിമാത്ത്, മടവൂർ എന്നീ പഞ്ചായത്തുകളിൽ സ്വന്തം പേരിൽ സ്ഥലമില്ലാത്ത പട്ടിക ജാതിക്കാർ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ആ പഞ്ചായത്തുകളിൽ ഓരോന്നിലും തൊഴിലില്ലാത്ത പട്ടിക ജാതിക്കാർ എത്ര ;

(സി) സ്വന്തമായി ഭൂമിയോ തൊഴിലോ ഇല്ലാത്ത ഹരിജനങ്ങൾക്ക് വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഭൂമി വാങ്ങുന്നതിന് ധനസഹായം കൊടുക്കുന്ന പദ്ധതിയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും ഇപ്പോഴുമുണ്ട്.

നാവായ്കുളം പഞ്ചായത്തിൽ സ്വന്തം പേരിൽ സ്ഥലം ഇല്ലാത്ത പട്ടികജാതിക്കാർ

1129. [1704] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ നാവായ്കുളം പഞ്ചായത്തിൽ സ്വന്തം പേരിൽ സ്ഥലമില്ലാത്ത പട്ടികജാതിക്കാർ എത്ര ;

(ബി) ആ പഞ്ചായത്തിൽ തൊഴിലില്ലാത്ത പട്ടികജാതിക്കാർ എത്ര ;

(സി) സ്വന്തമായി ഭൂമിയോ തൊഴിലോ ഇല്ലാത്ത പട്ടികജാതിക്കാർക്ക് വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഭൂമി വാങ്ങുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും ഇപ്പോഴും തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly